**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം എയിഡഡ് കോളേജുകളിൽ അധികമായി തുടരുന്ന അദ്ധ്യാപകരെ (ലക്ചറർമാർ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പുനർ വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

ജി. ഒ (എം. എസ്) നം. 4 /2005/ഉവിവ തിരുവനന്തപുരം തീയതി 1.2.05

---

പരാമർശം: 1) സർക്കാരിന്റെ 7.2.03 ലെ ജി. ഒ (എം. എസ്) നമ്പർ 12/03/ഉ വിവ നമ്പർ ഉത്തവ്
2) തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 26.4.2004 ലെ ഇ4/25229/2003 നമ്പർ കത്ത്
3) സർക്കാരിന്റെ 1.11.04 ലെ ജി ഒ (ആർ ടി) നം. 1469/04/ഉവിവ നമ്പർ ഉത്തവ്.
4) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11.6.04 ലെ പി എ (1)-35999/02 നമ്പർ കത്തിൽ എത്തിനിൽക്കുന്ന കത്തിടപാട്

**<u>ഉത്തവ്</u>**

സംസ്ഥാനത്തെ കോളേജുകളിൽ നിന്ന് പ്രി-ഡിഗ്രി കോഴ്സ് വേർപ്പെടുത്തിയതിനെ തുടർന്ന് അദ്ധ്യാപകർ (ലക്ചറർമാരും ജൂനിയർ ലക്ചറർമാരും) പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ അധികമായി വന്നു. അപ്രകാരം അധികമായി വന്ന പ്രി-ഡിഗ്രി ക്ളാസ്സുകൾക്കായി മാത്രം നിയമിക്കപ്പെട്ടിരുന്ന ജൂനിയർ ലക്ചറർമാരെ പരാമർശിത സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരായി വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പുനർ വിന്യസിച്ചു. എന്നാൽ നിരവധി ലക്ചറർമാർ പല പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലും അധികമായി തുടരുന്നു. സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളകളിൽ വിവിധ വിഷയങ്ങളിൽ നിരവധി അദ്ധ്യാപക ഒഴിവുകൾ ഉള്ളതായി വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകൾ താൽക്കാലികാടിസ്ഥനത്തിലാണ് ഇതുവരെ നികത്തി വന്നിട്ടുള്ളത്. എയ്ഡഡ് കോളേജുകളിൽ നിരവധി ലക്ചറർമാർ മതിയായ ജോലിഭാരമില്ലാതെ തുടരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ അധികമായി തുടരുന്നലക്ചറർമാരെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരായി വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പുനർ വിന്യസിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു.

2. സംസഥാനത്തെ എയ്ഡഡ് കോളേജുകളിൽ വിവിധ വിഷയങ്ങളിൽ അധികമായി തുടരുന്ന ലക്ചറർമാരെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ നിലവിലുള്ള ഒഴിവുകളിൽ അദ്ധ്യാപകരായി വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുനർവിന്യസിച്ച് ഉത്തരവാകുന്നു.

1) പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുന്ന സ്ഥരം അദ്ധ്യാപകർ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പുനർ വിന്യസിച്ച് ലക്ചറർമാരെ വിടുതൽ ചെയ്യേണ്ടതാണ്.

2) പുനർവിന്യസിക്കപ്പെടുന്ന ലക്ചറർമാർക്ക് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ തുടർന്നുള്ള നിയമനത്തിനോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ യാതൊരു വിധ അവകാശവും ഉണ്ടയിരിക്കുകയില്ല. ഇവർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാതൃസ്ഥാപനത്തിൽ നിന്നും വാങ്ങേണ്ടതാണ്.

3) ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകളിൽ നിർബന്ധമായും ബന്ധപ്പെട്ട കോളേജുകളിൽ അധികമായി തുടരുന്ന ലക്ചറർമാരെ പുനർ വിന്യസിച്ച് നികത്തേണ്ടതാണ്.

4) അധിക ലക്ചറർമാരുള്ള കോളേജുകളിൽ അതേ മാനേജ്മെന്റിന്റെ കീഴിലുള്ള വി.എച്ച്.എസ്.സി സ്കൂളുകളിലും പുതിയ നിയമനങ്ങൾ അനുവദിക്കുന്നതല്ല.

5) പുനർ വിന്യസിക്കപ്പെട്ട തസ്തികയിൽ സ്ഥിരം നിയമനത്തിനു മുൻപ് മാതൃസ്ഥാപനത്തിൽ ഒഴിവുണ്ടായാൽ പുനർ വിന്യസിച്ച് ലക്ചററെ മാതൃസ്ഥാപനത്തിൽ മാറ്റി നിയമിക്കണം.

3. പുനർ വിന്യസിപ്പിക്കേണ്ട പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ അധീകമായി തുടരുന്ന ലക്ചറർമാരുടെ പട്ടിക കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കേണ്ടതും പുനർ വിന്യാസം നടപ്പിലാക്കുന്നതിനു വേണ്ടി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് നൽക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പി.ജെ. തോമസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്
രജിസ്ട്രാർ കേരള/കോഴിക്കോട്/മഹാത്മാ ഗാന്ധി / കണ്ണൂർ സർവ്വകലാശാലകൾ
ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
കൊല്ലം / കോട്ടയം / എറണാകുളം / തൃശ്ശൂർ / കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ് (43385 / എസ് സി 1/04/പൊ. വി നമ്പർ 11.8.04 ലെ കുറിപ്പ് കാണുക
ധനകാര്യ വകുപ്പ്
ഡയറക്ടർ പബ്ളിക് റിലേഷൻസ്
പൊതുഭരണ (എസ്.സി) വകുപ്പ് (15.12.04 ലെ ഐറ്റം നമ്പർ 198 പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ